# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:518** **19.05.2017-ൽ മറുപടിയ്ക്ക്**

**തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കുന്നതിനുളള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി<br>ഡോ.എം. കെ. മുനീർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | തീരദേശവാസികളെ തീരത്തുനിന്നും അമ്പതു മീറ്ററെങ്കിലും മാറിയുളള സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുളള ഒരു പദ്ധതി മത്സ്യബന്ധന വകുപ്പിന്റെ പരിഗണനയിലുണ്ടോ; | എ) | കടലാക്രമണ ഭീഷണി നിലനിൽക്കുന്ന തീരദേശത്ത് തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മായ സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനുളള ഭവന പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>2017-18 ലെ മത്സ്യത്തൊഴിലാളി ഭവനപദ്ധതികൾ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന തിന് പ്രഥമ പരിഗണന നൽകിയാണ് വിഭാവനം ചെയ്തിട്ടുളളത്. |
| ബി) | എങ്കിൽ ഈ പദ്ധതി ഏത് ഏജൻസി വഴി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾ ഫിഷറീസ് വകുപ്പ് തീരദേശ ജില്ലാ ഓഫീസുകൾ മുഖേന നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളികൾ ക്കുളള കെട്ടിട സമുച്ചയ നിർമ്മാണം കേരള തീരദേശ വികസന കോർപ്പറേഷൻ, ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖേനയും നടപ്പിലാക്കുന്നു. |
| സി) | ഇതിനായി എന്ത് തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ ഫണ്ട് എങ്ങനെ കണ്ടെത്താനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ? | സി) | 2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി ഭവന പദ്ധതി യ്ക്കായി 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടു ണ്ട് ഏകദേശം 12000 കോടി അടങ്കൽ വരുന്ന ഒരു ബൃഹത് പദ്ധതിയുടെ സമീപന രേഖ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് (GCF) ലഭ്യമാക്കുന്നതിന് NABARD ന് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**